LIBRARY ARCHIVES Kerala Legislative Assembly

റെയേറെ മുന്നോട്ടുപോയിരിക്കുന്നു. പഠനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈവർഷംതന്നെ വരുത്തിയിട്ടുള്ള മാറ്റങ്ങൾ ഞാൻ വിവരിച്ചിട്ടുള്ളതാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇനിയും കൂടുതൽ സൗകര്യം ഏർപ്പെടുത്തണമെന്ന് തന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതു കൊണ്ട് കൂടുതൽ മേഖലകളിലേയ്ക്ക് ഇതു വ്യാപിപ്പിക്കാൻ, പരമാവധി സൗകര്യം ഏർപ്പെടുത്താനുള്ള ഒരു സമീപനമായിരിക്കും ഈ ഗവൺമെന്റ് സ്വീകരിക്കുന്നത് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ഇ.എം. അഗസ്തി : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ സഹകരണമേഖലയുടെ അതേ മാനദണ്ഡങ്ങൾ വച്ചു കൊണ്ട് വിദ്യാഭ്യാസരംഗത്ത് അക്കാഡമിക് എക്സലൻസ് പ്രകടിപ്പിച്ചിട്ടുള്ള സ്വകാര്യ ഏജൻസികൾക്ക് കോളേജുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; ഈ വർഷം തന്നെ കോളേജുകൾ അനുവദിക്കാൻ സാധിക്കുമോ എന്നു വ്യക്തമാക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : ഈ വർഷം കോളേജുകൾ അനുവദിക്കുന്ന സമയമെല്ലാം കഴിഞ്ഞുപോയിട്ടുണ്ട്. ഈരംഗത്ത് ഗവൺമെന്റിനെ സംബന്ധിച്ച് സ്വകാര്യ മേഖല വേണ്ട എന്നു തീരുമാനിച്ചിട്ടില്ല എന്നുള്ളകാര്യം ഞാൻ ഇതിനുമുൻപ് ഇവിടെ വ്യക്തമാക്കുകയുണ്ടായി.

(2) റബ്ബറിന്റെ താങ്ങുവില പുതുക്കി നിശ്ചയിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. മോൻസ് ജോസഫ് : സർ, കേരളത്തിലെ റബ്ബർകൃഷിക്കാരെ സഹായിക്കാൻ കഴിയുന്ന നിലയിൽ റബ്ബറിന്റെ താങ്ങുവില പുതുക്കി നിശ്ചയിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിക്കുകയാണ്. കേരളത്തിലെ റബ്ബർകൃഷിക്കാർ വലിയ പ്രതിസന്ധിയിൽക്കൂടി കടന്നുപോകുന്ന ഒരു കാലഘട്ടമാണ്. റബ്ബർകൃഷിക്കാർക്കുവേണ്ടി സംസ്ഥാനഗവൺമെന്റ് വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിക്കുകയും കൃഷിക്കാരെ ഈ പ്രതിസന്ധിഘട്ടത്തിൽ സഹായിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തത് ഞാൻ ഈ ഘട്ടത്തിൽ സ്മരിക്കുന്നു. പക്ഷെ സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ വിവിധ നടപടികൾ സ്വീകരിച്ചുവെങ്കിൽപ്പോലും നമ്മുടെ സംസ്ഥാനത്തെ റബ്ബർകൃഷിക്കാർക്ക് അർഹമായ ന്യായവില ലഭിക്കാത്ത സ്ഥിതിവിശേഷം ഇപ്പോഴും നിലനിൽക്കുകയാണ്. ഇക്കാര്യത്തിൽ വളരെ അടിയന്തിരമായി ചെയ്യേണ്ട വിവിധ കാര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് അടിയന്തിരമായി ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം. കേന്ദ്ര ഗവൺമെന്റ് എടുത്തിട്ടുള്ള നിലപാടുകളാണ് നമ്മുടെ സംസ്ഥാനത്തെ റബ്ബർകൃഷിക്കാർക്ക് ഏറ്റവും കൂടുതൽ ദുരിതപൂർണ്ണമായ സ്ഥിതിവിശേഷം ഉണ്ടാക്കിയത് എന്നു നമുക്ക് കാണാൻ കഴിയും. ഇതിന്റെ മുഴുവൻ വിശദാംശങ്ങളിലേക്ക് ഇനി പോകേണ്ടതില്ല. നമ്മുടെ സംസ്ഥാനത്തിന് താങ്ങാൻ കഴിയാത്ത നിലയിലുള്ള വലിയ പ്രതിസന്ധിയാണ് റബ്ബർകൃഷിമേഖലയിൽ സംഭവിച്ചത്. നമ്മുടെ സഭയും അത് ചർച്ച ചെയ്തിട്ടുള്ളതാണ്. ഈ ഗുരുതരമായ സ്ഥിതിവിശേഷത്തിൽനിന്ന് റബ്ബർകൃഷിക്കാരെ സഹായിക്കാൻവേണ്ടിയുള്ള നടപടികൾ നമ്മൾ ആവശ്യപ്പെടുമ്പോൾ നമ്മെ സഹായിക്കുന്നതിനുപകരം കൂടുതൽ കൂടുതൽ ഉപദ്രവിക്കാനുള്ള സമീപനങ്ങളാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്നുതന്നെ പത്രങ്ങളിൽ വന്നിട്ടുള്ള വാർത്തയനുസരിച്ച് ഇന്നലെ കേന്ദ്ര ഗവൺമെന്റ് എടുത്തിരിക്കുന്ന നിലപാടും വീണ്ടും റബ്ബർകൃഷിക്കാരെ ബുദ്ധിമുട്ടിക്കുന്നതാണ്. നമ്മുടെ സംസ്ഥാനത്തെ റബ്ബർകൃഷിക്കാർക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ട കാര്യങ്ങൾ കേന്ദ്രഗവൺമെന്റ് നിരാകരിച്ചതിനെക്കുറിച്ചാണ് പത്രങ്ങളിൽ വാർത്ത വന്നത്.

ഇത്ര ധിക്കാരപരമായ, തെറ്റായ കേന്ദ്രഗവൺമെന്റിന്റെ ഈ നിലപാടുകൾ തിരുത്തിക്കാൻ വേണ്ടിയുള്ള കർശനമായ നടപടികൾ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. സർ, റബ്ബറിന്റെ ബെഞ്ച് മാർക്ക്പ്രൈസ് ഇപ്പോൾ 34.05 എന്നാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്. കൃഷിക്കാരന്റെ ഉൽപ്പാദനച്ചെലവുമായി താരതമ്യം ചെയ്യുമ്പോൾ ഈ തുക തികച്ചും അപര്യാപ്തമാണ്. റബ്ബർകൃഷിക്കാർക്ക് ഉണ്ടാകുന്ന വിവിധ ചെലവുകൾ കണക്കാക്കുമ്പോൾ ഒരു കിലോഗ്രാം റബ്ബറിന്റെ ഉൽപ്പാദനച്ചെലവ് ഏതാണ്ട് അൻപത് രൂപയോളം വരികയാണ്. അൻപത് രൂപ ചെലവു വരുന്നിടത്ത് നിശ്ചയിച്ചിട്ടുള്ളത് 34.05 മാർക്ക് പ്രൈസാണ്. അൻപത് രൂപയോളം ചെലവു വരുന്നിടത്ത് ഈ 34.5 എന്ന നിലയിൽ നിശ്ചയിച്ചിരിക്കുന്നത് അന്യായമാണ്. അത് റബ്ബർ കൃഷിക്കാരോടുള്ള അനീതിയാണ്. ഇത് പുതുക്കി നിശ്ചയിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ആണ് സ്വീകരിക്കേണ്ടത്. കൃഷിക്കാരനുണ്ടാകുന്ന ചെലവും നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയും തമ്മിലുള്ള അനുപാതത്തിലെ അന്തരം വളരെ പ്രകടമാണ്. അതുകൊണ്ടുതന്നെ നിലവിലുള്ള ബെഞ്ച് മാർക്ക്പ്രൈസ് പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിരുന്നതായി നമുക്ക് മനസ്സിലാക്കാൻ കഴിയും. ഇത് കേന്ദ്രഗവൺമെന്റ് പരിഗണിക്കാതിരിക്കുകയാണ്. ഓരോ വർഷവും ബെഞ്ച്മാർക്ക് പ്രൈസ് പുതുക്കി നിശ്ചയിക്കണമെന്നാണ് വ്യവസ്ഥയുള്ളത്. ഇത് ഓരോ വർഷവും പുതുക്കി നിശ്ചയിച്ചിരുന്നുവെങ്കിൽ നമ്മൾ ആഗ്രഹിക്കുന്നതുപോലെ അൻപത് രൂപയിലേക്കോ, അൻപത്തിയഞ്ചു രൂപയിലേയ്ക്കോ റബ്ബറിന്റെ താങ്ങുവില കൊണ്ടുവരാൻ കഴിയുമായിരുന്നു. ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് എല്ലാ കാലഘട്ടത്തിലും കുറ്റകരമായ അനാസ്ഥയാണ് കാണിച്ചിട്ടുള്ളത്. എല്ലാവർഷവും പുതുക്കി നിശ്ചയിക്കാൻ കഴിയുന്ന നിലയിൽ സമ്മർദ്ദം ചെലുത്തുകയാണ് സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുക. അത് ഓരോ വർഷവും പുതുക്കി നിശ്ചയിപ്പിക്കാൻ നമുക്ക് കഴിയണം. ഇന്ന് നെല്ലിന് പുതിയ താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ട്. അതുപോലെ ഏതാനും നാണ്യവിളകളുടെ കാര്യത്തിൽ താങ്ങുവിലയുടെ പ്രഖ്യാപനമുണ്ടായി. പക്ഷെ റബ്ബറിന്റെ കാര്യത്തിൽ അവിടെയും ആ നിഷേധാത്മകമായ നിലപാട് ഉണ്ടായിരിക്കുകയാണ്. റബ്ബറിന്റെ താങ്ങുവില പുതുക്കിനിശ്ചയിക്കാൻ കഴിയുന്ന നിലയിലുള്ള സംസ്ഥാനഗവൺമെന്റിന്റ് നിലപാട് ഉണ്ടാകണം. റബ്ബറിന്റെ ബെഞ്ച് മാർക്ക് പ്രൈസ് സപ്പോർട്ട് പ്രൈസായിട്ട് പരിഗണിക്കുകയെന്നുള്ളതാണ് മറ്റൊരു ആവശ്യം. മിനിമം സപ്പോർട്ട് പ്രൈസ് എന്നുള്ള നിലയിൽ നടപ്പിലാക്കിയാൽ നമ്മുടെ സംസ്ഥാനത്ത് നിശ്ചയിക്കപ്പെട്ടിട്ടുള്ള ഈ ബെഞ്ച് മാർക്ക് പ്രൈസിനേക്കാൾ റബ്ബറിന്റെ വില നമ്മുടെ മാർക്കറ്റിൽ ഇടിഞ്ഞുപോയാലും കൃഷിക്കാരന് പിടിച്ചുനില്ക്കാൻ കഴിയും. മിനിമം സപ്പോർട്ട് പ്രൈസ് കൃഷിക്കാരന് ലഭിക്കുന്ന അവസ്ഥയുണ്ടാകും. പക്ഷെ ഇക്കാര്യത്തിലും കേന്ദ്രഗവൺമെന്റ് അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടില്ല. മിനിമം സപ്പോർട്ട് പ്രൈസായി നമ്മുടെ ബെഞ്ച്മാർക്ക് പ്രൈസിനെ പരിഗണിക്കാനുള്ള നടപടി സംസ്ഥാനഗവൺമെന്റ് എടുപ്പിക്കേണ്ടതാണ്. അതിനുവേണ്ടിയുള്ള സമ്മർദ്ദം സംസ്ഥാനഗവൺമെന്റ് ചെലുത്തേണ്ടതാണ്. ഈ സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് ഇപ്പോൾ 34.5 രൂപ എന്നുള്ളത് 55 രൂപയായി താങ്ങുവില പുതുക്കി നിശ്ചയിക്കാൻ കഴിയുന്ന നിലയിൽ സംസ്ഥാന ഗവൺമെന്റ് നിലപാട് സ്വീകരിക്കണം. സർ, കേരളത്തിൽ ഒൻപത് ലക്ഷത്തോളം വരുന്ന റബ്ബർ കർഷക കുടുംബങ്ങളുണ്ട്. ഇതിൽ ഭൂരിപക്ഷം കുടുംബങ്ങളും ചെറുകിട ഇടത്തരം കൃഷിക്കാരാണ്. ഇതിൽ മൂപ്പത് ലക്ഷത്തോളം വരുന്ന ആളുകൾ ഈ തൊഴിലുമായിട്ട് ബന്ധപ്പെട്ട് ഈ മേഖലയിൽ ജീവിക്കുന്നുണ്ട്. ഈ കുടുംബങ്ങളുടെ മുഴുവൻ പ്രശ്നമായി സംസ്ഥാന ഗവൺമെന്റ് ഇതിനെ പരിഗണിക്കണം. ഈ നിലയിൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനുള്ള ശ്രമങ്ങൾ സംസ്ഥാനഗവൺമെന്റ് നടത്തണം. റബ്ബറിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിച്ച ഉൽപ്പാദനത്തിന് അനുസൃതമായി നമ്മുടെ ഉപഭോഗം വർദ്ധിപ്പിക്കാൻ കഴിയുന്നില്ല എന്നുള്ളതും മറ്റൊരു വീഴ്ചയാണ്. ഉപഭോഗത്തേക്കാൾ ഏറെ റബ്ബർ ഇന്ന് ഇൻഡ്യയിൽ ഉല്പാദിപ്പിക്കുന്നു. മുൻകാലങ്ങളിൽ ഇൻഡ്യയിൽ വേണ്ടത്ര റബ്ബർ ഉൽപ്പാദിപ്പിച്ചിരുന്നില്ല. എന്നാൽ കഴിഞ്ഞ രണ്ടു വർഷത്തെ കണക്കു കാണിക്കുന്നത് 6.50 ലക്ഷം ടൺ റബ്ബറിന്റെ ഉൽപ്പാദനം നടന്നപ്പോൾ 5.72 ലക്ഷം ടൺ ആണ് ഉപഭോഗം ഉണ്ടായിരിക്കുന്നത്. തൊണ്ണൂറു ശതമാനം റബ്ബറും കേരളത്തിൽതന്നെയാണ് ഉൽപ്പാദിപ്പിക്കുന്നത്. ഇങ്ങനെ കേരളത്തിൽ ഇത്രമാത്രം ഉൽപ്പാദനം നടക്കുമ്പോൾ ആ റബ്ബറിന്റെ ഉപഭോഗം വർദ്ധിപ്പിക്കാൻ നമുക്ക് സാഹചര്യങ്ങൾ ഉണ്ടാക്കണം. സംസ്ഥാന ഗവൺമെന്റ് റബ്ബറധിഷ്ഠിത വ്യവസായങ്ങൾ പ്രഖ്യാപിക്കുകയുണ്ടായി, ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. അതോടൊപ്പം തന്നെ ഇവിടെ പ്രഖ്യാപിച്ചിട്ടുള്ള റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ എത്രയും വേഗം ആരംഭിക്കാൻ കഴിയുന്ന സാഹചര്യങ്ങൾ ഉണ്ടാക്കണം. അതുപോലെതന്നെ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതോടൊപ്പം നമ്മുടെ സംസ്ഥാനത്ത് റബ്ബർ സംഭരണം ശക്തിപ്പെടുത്തണം. റബ്ബർ സംഭരണത്തിന്റെ കാര്യത്തിൽ എസ്.ടി.സി. തന്നെ വളരെ ചുരുക്കമായിട്ട് മാത്രമാണ് സംഭരണം നടത്തിയിട്ടുള്ളത്. റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ വളരെ കുറ്റകരമായ അനാസ്ഥയാണ് ഇക്കാര്യത്തിൽ കാണിച്ചിരിക്കുന്നത്. റബ്ബർ സംഭരിക്കാൻവേണ്ടി സംസ്ഥാന ഗവൺമെന്റ് ചുമതലപ്പെടുത്തിയിട്ടുള്ള ആളുകൾ അനാസ്ഥ കാണിക്കുമ്പോൾ ഇത്തരത്തിലുള്ള സാഹചര്യങ്ങൾ ഗൗരവമായി പരിഗണിച്ചുകൊണ്ട് റബ്ബർ കൃഷിക്കാരുടെ ആർ.പി.എസ്. പോലുള്ള സഹകരണ സ്ഥാപനങ്ങളിലൂടെ റബ്ബർ സംഭരിക്കാൻ കഴിയുന്ന നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കേണ്ടതാണ്. സംഭരിക്കുന്ന റബ്ബർ വീണ്ടും മാർക്കറ്റിലേക്ക് വിടുകയെന്നുള്ളത് മറ്റൊരു പ്രവണതയാണ്, അതുകൊണ്ട് വീണ്ടും വിലയിടിയുകയാണ്, അതുകൊണ്ട് സംഭരിക്കുന്ന റബ്ബർ ബഫർസ്റ്റോക്കായി വയ്ക്കാനുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണം. അതുപോലെയാണ് റബ്ബർ കയറ്റുമതിയുടെ കാര്യം, റബ്ബർ കയറ്റുമതിയുടെ കാര്യത്തിൽ നമുക്ക് വിജയകരമായി പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല, റബ്ബർ കയറ്റുമതിക്കുവേണ്ടി കൂടുതൽ ശ്രമങ്ങൾ സംസ്ഥാന ഗവൺമെന്റ് നടത്തണം. ഉള്ള സാഹചര്യങ്ങൾ പൂർണമായി പ്രയോജനപ്പെടുത്തിക്കൊണ്ട് റബ്ബർ കയറ്റുമതി നടത്താൻ സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കേണ്ടതാണ്. ലാറ്റക്സ് കയറ്റുമതിയുടെ കാര്യത്തിൽ സംസ്ഥാനഗവൺമെന്റ് ചെറിയ തുടക്കം കുറിച്ചിട്ടുണ്ട്, ഞാൻ അതിനെ അഭിനന്ദിക്കുന്നു. ലാറ്റക്സ് കയറ്റുമതി തുടർന്നും സജീവമായി നടത്താൻ കഴിയുന്ന സാഹചര്യങ്ങൾ ഉണ്ടാക്കണം. നമ്മുടെ സംസ്ഥാനത്തെ അപേക്ഷിച്ച് മറ്റു സ്റ്റേറ്റുകളിൽ വളരെ കുറച്ചു മാത്രമാണ് റബ്ബർ ഉൽപ്പാദിപ്പിക്കുന്നത്. പക്ഷെ റബ്ബർ കൊണ്ട് ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ അല്ലെങ്കിൽ റബ്ബറിന്റെ വ്യവസായങ്ങൾ നമ്മുടെ സ്റ്റേറ്റിൽ ഇല്ല. മറ്റു സ്റ്റേറ്റുകളിൽ അത്തരത്തിലുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കുകയാണ്, ആ ഉൽപ്പന്നങ്ങൾ നമ്മൾ മറ്റു സ്റ്റേറ്റുകളിൽ നിന്നും ഇപ്പോഴും വാങ്ങിക്കൊണ്ടിരിക്കുകയാണ്. കേരളം റബ്ബർ അധിഷ്ഠിത വ്യവസായരംഗത്ത് വളരെയേറെ മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്. ഈ സ്ഥിതിവിശേഷങ്ങൾ മുഴുവൻ പരിഗണിച്ചുകൊണ്ട് സംസ്ഥാനഗവൺമെന്റ് ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. റബ്ബർകൃഷിക്കാർക്ക് സംരക്ഷണം നൽകാൻ കഴിയുന്ന നിലയിൽ സംസ്ഥാനഗവൺമെന്റ് ചെയ്യേണ്ടതായ മുഴുവൻ കാര്യങ്ങളും ഫലപ്രദമായി ചെയ്യാനും നിലവിലുള്ള താങ്ങുവില 34.5 എന്നുള്ളത് 55 രൂപയായി പുതുക്കി നിശ്ചയിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താനും സംസ്ഥാനഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി.സ്പീക്കർ)

[10 AM] കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ബഹുമാനപ്പെട്ട മെമ്പർ മോൻസ് ജോസഫ് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്. കേരളത്തിൽ ഏകദേശം 9 ലക്ഷത്തോളം വരുന്ന റബ്ബർകർഷകർ, അവരെ ആശ്രയിക്കുന്ന തൊഴിലാളികൾ, അവരുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നമ്മുടെ കേരളത്തിന്റെ കാർഷിക സമ്പദ്ഘടന ഇന്ന് അഭിമുഖീകരിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണിത്. റബ്ബറിന്റെ ഉപഭോഗം, കയറ്റുമതി, ഇറക്കുമതി തുടങ്ങിയ എല്ലാ പ്രശ്നങ്ങളും നിയന്ത്രിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. മാത്രമല്ല, ഇതിന്റെ വിപണി തന്നെ നിയന്ത്രിക്കുന്നതിൽ പ്രധാനപ്പെട്ട പങ്ക് കേന്ദ്ര ഗവൺമെന്റിനും റബ്ബർ ബോർഡിനുമാണ്. ഒരു സംസ്ഥാന ഗവൺമെന്റിന് ഇക്കാര്യത്തിൽ ചെയ്യാവുന്ന കാര്യങ്ങൾക്ക് വളരെയേറെ പരിമിതികളുണ്ട്. എന്നാൽ, ആ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കഴിഞ്ഞ മൂന്നുവർഷങ്ങളിൽ സംസ്ഥാന ഗവൺമെന്റ് കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കാൻവേണ്ടി ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. മാർക്കറ്റ് വിലയേക്കാൾ ഉയർന്ന വിലകൊടുത്തുകൊണ്ട് റബ്ബർ ശേഖരിക്കാനും അത് എസ്.ടി.സി.ക്ക് നൽകാനും മാർക്കറ്റിൽ അധികാരമായിട്ടുള്ള റബ്ബറിന്റെ ഒരുഭാഗം ഏജൻസികൾ വഴി ശേഖരിച്ച് സംരക്ഷിച്ചുവയ്ക്കുന്നതിനും അതിൽ വരുന്ന നഷ്ടം സംസ്ഥാന ഗവൺമെന്റ് നല്കുന്നതിനുമൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്. കയറ്റുമതിക്കാവശ്യമായി വരുന്ന സമയങ്ങളിൽ കയറ്റുമതിക്ക് തയ്യാറായി വരുന്ന ഏജൻസികൾ റബ്ബർ കയറ്റുമതി ചെയ്യുമ്പോഴുണ്ടാകുന്ന നഷ്ടം നികത്തിക്കൊടുക്കുന്നതിന് മന്ത്രിസഭായോഗം തന്നെ തീരുമാനമെടുത്ത് ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആ ഉത്തരവ് ഇപ്പോഴും നിലനില്ക്കുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ സമയാസമയങ്ങളിൽ പരിശോധിക്കുന്നതിനുവേണ്ടി കൃാബിനറ്റ് തന്നെ ഒരു പ്രത്യേക സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. റബ്ബർ ശേഖരണത്തെ സംബന്ധിച്ച് പരിശോധിക്കുന്നതിനുവേണ്ടി റബ്ബർ ബോർഡ്, റബ്കോ, റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, എസ്.ടി.സി.-ഇതിന്റെയൊക്കെ പ്രതിനിധികളുമായിട്ട് പ്രതിമാസ റിവ്യൂ നടത്തുന്നുണ്ട്. ഇപ്പോൾ ഇത്തരം നടപടികൾ തുടർന്നുവരികയാണ്. എന്നാൽ, റബ്ബറിന് സൂചിത വിലയാണ് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിക്കുന്നത്. അത് പ്രതിവർഷം പ്രഖ്യാപിക്കാറില്ല. കഴിഞ്ഞ സാമ്പത്തികവർഷം അത് പ്രഖ്യാപിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഹൈക്കോടതിയെപ്പോലും സമീപിക്കേണ്ടിവന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിനെത്തുടർന്നാണ് കേന്ദ്ര ഗവൺമെന്റ് സൂചിതവില പ്രഖ്യാപിച്ചത്. അത് നമ്മുടെ സംസ്ഥാനത്തെ റബ്ബറിന്റെ ഉൽപ്പാദനവുമായി ബന്ധപ്പെടുത്തുമ്പോൾ മതിയായ വിലയായി എന്ന അഭിപ്രായം ഗവൺമെന്റിനില്ല. അതുകൊണ്ട് ഈ സഭതന്നെ അതിനെ സംബന്ധിച്ച് ചർച്ച ചെയ്ത് ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയമുണ്ട്. ഒരുകിലോഗ്രാം ആർ.എസ്.എസ്. ഇനത്തിൽപ്പെട്ട റബ്ബറിന് 55 രൂപയെങ്കിലും വിലകിട്ടണം. ഈ അഭിപ്രായമാണ് സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തെ അറിയിച്ചിട്ടുള്ളതും; കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുള്ളതും. റബ്ബർ ശേഖരിച്ച് സംരക്ഷിച്ച് വയ്ക്കുന്നതിനുവേണ്ടി ഒരു പ്രോജക്ട് സംസ്ഥാന ഗവൺമെന്റ് തയ്യാറാക്കി. കേന്ദ്രഗവൺമെന്റിനോട് 200 കോടി രൂപ ആവശ്യപ്പെടുകയുണ്ടായി. അവിടെയും നിഷേധാത്മകമായ സമീപനമാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചത്. അതിനിടയിൽ ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ 50,000 ടൺ റബ്ബർ ആവശ്യമുണ്ടെന്ന് പറഞ്ഞുകൊണ്ട് സിങ്കപ്പൂരിലെ പൗണ്ടിംഗ് എന്ന് പറയുന്ന കമ്പനി കേന്ദ്ര വാണിജ്യ വകുപ്പ് സെക്രട്ടറിക്ക് ഒരു കത്ത് അയച്ചു. ആ കത്തിന്റെ ഒരു കോപ്പി വാണിജ്യ വകുപ്പ് സെക്രട്ടറി റബ്ബർ ബോർഡ്

LIBRARY ARCHIVES Kerala Legislative Assembly

ചെയർമാന് അയയ്ക്കുകയുണ്ടായി. റബ്ബർ ബോർഡ് ചെയർമാന് ലഭിച്ച കത്തിന്റെ കോപ്പി കേരള ഗവൺമെന്റിന്റെ കൃഷിവകുപ്പ് സെക്രട്ടറിക്ക് അയച്ചു. സെക്രട്ടറി ആ കത്ത് കിട്ടിയപ്പോൾ അത് എന്റെ ശ്രദ്ധയിൽപ്പെടുത്തി. എന്റെ ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരുമായിട്ട് ആലോചിച്ച് 50,000 ടൺ റബ്ബർ കയറ്റുമതി ചെയ്യാനുള്ള നടപടി റബ്ബർ ബോർഡ് സ്വീകരിക്കണം, അതിന് നടപടി തുടങ്ങണമെന്ന് പറഞ്ഞുകൊണ്ട് ഉത്തരവ് നൽകി. ആ സിങ്കപ്പൂർ കമ്പനി ഇതുവരെ രംഗത്തുവന്നിട്ടില്ല. അവരുടെ ഒരു ഏജൻസിയെന്ന് പറയുന്നത് ഡൽഹിയിലെ സി.പി. ആത്രോ എന്റർപ്രൈസസ് ആണ്. അവരുമായി സംസാരിച്ചു. സിങ്കപ്പൂർ കമ്പനിയുടെ പ്രതിനിധിയെക്കണ്ട് അവരുമായി ചർച്ച ചെയ്യണം. അത് റബ്കോയും മാർക്കറ്റിംഗ് ഫെഡറേഷനും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുവരെ സിങ്കപ്പൂർ കമ്പനിയുടെ പ്രതിനിധി രംഗത്തുവന്നിട്ടില്ല. സിങ്കപ്പൂർ കമ്പനിയുടെ പ്രതിനിധിയുമായിട്ട് ഈ കാര്യങ്ങളെ സംബന്ധിച്ച് ചർച്ചചെയ്യുന്നതിന് എ.പി.സി. ഡൽഹിയിൽ പോയിരിക്കുകയാണ്. വാണിജ്യ വകുപ്പ് സെക്രട്ടറിയെ കണ്ടു. അവർക്ക് യഥാർത്ഥത്തിൽ ഇതിന് താല്പര്യമുണ്ടായെന്നുള്ളതിനെ സംബന്ധിച്ച് സിങ്കപ്പൂർ പ്രതിനിധിയുമായിട്ട് നേരിട്ട് ചർച്ചചെയ്യുന്നതിന് അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ ഡൽഹിയിലുണ്ട്. അത് ചർച്ചചെയ്യാൻവേണ്ടി ശ്രമിക്കുകയാണ്. അങ്ങനെചർച്ചചെയ്യുമ്പോൾ മാത്രമേ സിങ്കപ്പൂർ കമ്പനിയുടെ താല്പര്യം എന്താണെന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമായി പറയാൻ കഴിയൂ. അവിടെയും കയറ്റുമതിയുടെ പ്രവർത്തനങ്ങൾ തുടരണമെന്ന് തന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം. അതിനിടയിലാണ് ആർ. പി.എൽ. എന്ന് പറയുന്ന പൊതുമേഖലാസ്ഥാപനം 500 ടൺ റബ്ബർ കയറ്റി അയയ്ക്കുന്നതിന് തീരുമാനിച്ചത്. അതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ലാറ്റക്സ് കയറ്റുമതി ചെയ്യുന്നതിന്റെ ഭാഗമായിട്ട് പ്ലാന്റേഷൻ കോർപ്പറേഷൻ ഇതിനകം തന്നെ 50 ടൺ ലാറ്റക്സ് കയറ്റി അയച്ചു. ഇനിയും സാദ്ധ്യതകളുണ്ടെങ്കിൽ ആ സാദ്ധ്യതകൾക്ക് അനുസരിച്ച് കേരളത്തിലെ ലാറ്റക്സ് വിദേശകമ്പോളത്തിൽ കയറ്റി അയയ്ക്കാൻ ഗവൺമെന്റ് തയ്യാറാണ്. അതിന് വരുന്ന നഷ്ടം പൂർണ്ണമായിട്ടും സംസ്ഥാന ഗവൺമെന്റ് വഹിക്കുകയും ചെയ്യും. ഇവിടെ ഉന്നയിക്കപ്പെട്ട പ്രധാനപ്പെട്ട പ്രശ്നം നമ്മുടെ ഉൽപ്പാദന ച്ചെലവുമായി ബന്ധപ്പെടുത്തിക്കൊണ്ട് താങ്ങുവില നിശ്ചയിക്കണമെന്നുള്ളതാണ്. സംസ്ഥാനഗവൺമെന്റിന്റെ ശക്തമായ അഭിപ്രായം സൂചിതവില പോരെന്നാണ്. കേന്ദ്ര ഗവൺമെന്റ് സൂചിതവില പ്രഖ്യാപിക്കുന്നതുകൊണ്ടു മാത്രം റബ്ബർകർഷകരെ സംരക്ഷിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് കേരളത്തിലെ റബ്ബർകൃഷിക്കാരേയും റബ്ബർ മേഖലയേയും സംരക്ഷിക്കത്തക്കരീതിയിൽ റബ്ബറിന്റെ ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഒരു താങ്ങുവില കേന്ദ്രഗവൺമെന്റ് പ്രഖ്യാപിക്കണമെന്നുള്ളതാണ് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം. അതു സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. വീണ്ടും ഈവർഷം ഇത് പുതുക്കി നിശ്ചയിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ താങ്ങുവില പ്രഖ്യാപിക്കുന്നതിനാവശ്യമായ എല്ലാ സമ്മർദ്ദങ്ങളും കേന്ദ്രഗവൺമെന്റിൽ ചെലുത്തുന്നതാണ്. അതിന് കേരള ഗവൺമെന്റ് അതീവ താല്പര്യപൂർവ്വം പ്രവർത്തിക്കുന്നതാണെന്നാണ് എനിക്ക് ഇത് സംബന്ധിച്ച് ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കാനുള്ളത്.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, അങ്ങ് പറഞ്ഞതിൽ കയറ്റുമതിയുടെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇവിടെ ഒരു വലിയ പ്രചരണം നടത്തിയിട്ടുള്ളത് റബ്ബർ കയറ്റുമതിക്കുവേണ്ടി ലഭിച്ച അവസരം ഗവൺമെന്റ് പ്രയോജനപ്പെടുത്തിയില്ലെന്നാണ്. പക്ഷേ, അത് അങ്ങ് പറഞ്ഞതിൽ നിന്ന് വളരെ വ്യക്തമായിരിക്കുകയാണ്. വീണ്ടും അതിനുള്ള ശ്രമങ്ങൾ നടത്തുക

LIBRARY ARCHIVES Kerala Legislative Assembly

യാണ്. അതോടൊപ്പംതന്നെ റബ്ബർ സംഭരണത്തിനുവേണ്ടിയുള്ള സാഹചര്യങ്ങൾ. ആർ.പി.എസ്. മുഖാന്തിരം റബ്ബർ സംഭരിക്കാൻ നമുക്ക് കഴിയുമോ? ഇപ്പോൾത്തന്നെ റബ്ബർ സംഭരണത്തിനുവേണ്ടി നമ്മൾ ഏജൻസികളെ ചുമതലപ്പെടുത്തി. അവർ വീണ്ടും മാർക്കറ്റിലോട്ട് റബ്ബർ വിടുകയാണ്. അത് തടഞ്ഞ് ബഫർസ്റ്റോക്ക് ആക്കി മാറ്റാൻ കഴിയുന്ന നിലയിലും പരമാവധി റബ്ബർ സംഭരിച്ച് നിറുത്താൻ കഴിഞ്ഞാലും വിലകൂട്ടാൻ കഴിയും. അതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, റബ്ബർ അങ്ങനെ ശേഖരിക്കണമെന്ന് തീരുമാനിച്ചാൽ തന്നെ അത് ശേഖരിക്കാനുള്ള ഏജൻസി എന്ന് പറയുന്നത് റബ്കോയും റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനുമാണ്. റബ്കോയാണ് അതിൽ കുറച്ചുകൂടി കാര്യക്ഷമതയോടുകൂടി പ്രവർത്തിച്ചത്. അവർ 14,000-ൽ ശിഷ്ടം ടൺ റബ്ബർ ഇതിനകം ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് ശേഖരിച്ച് വച്ചിട്ടുണ്ട്. എന്നാൽ ഞങ്ങൾ കഴിഞ്ഞ റിവ്യൂ നടത്തിയപ്പോൾ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ 28,000 ടൺ മാത്രമാണ് ശേഖരിച്ചത്. ഈ മാസത്തിൽതന്നെ വീണ്ടും ഇതിന്റെ റിവ്യൂ നടക്കുന്നുണ്ട്. ആ യോഗത്തിൽവച്ച് കൂടുതൽ റബ്ബർ ശേഖരിക്കുന്നതിനും അത് സംരക്ഷിച്ചു വയ്ക്കാനും ആവശ്യമായ നടപടി അവരെക്കൊണ്ട് സ്വീകരിപ്പിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന എല്ലാ ശ്രമങ്ങളും നടത്തും.

IV. സബ്മിഷൻ

(1) പെൻഷൻ കുടിശ്ശികകൾ ഓണത്തിനുമുമ്പ് വിതരണം ചെയ്യേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. കണാരൻ : സർ, കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം, മറ്റ് സാമൂഹ്യ പെൻഷനുകൾ തുടങ്ങിയവയെല്ലാം ഓണത്തിനുമുമ്പ് കുടിശ്ശിക സഹിതം നൽകണമെന്നുള്ള പ്രശ്നമാണ് അങ്ങയുടെ അനുവാദത്തോടുകൂടി ധനകാര്യ വകുപ്പുമന്ത്രിയുടെ മുന്നിൽ ഞാൻ സമർപ്പിക്കുന്നത്. അന്യർക്കുവേണ്ടി ജോലിചെയ്ത് കൂലി വാങ്ങി ജീവിക്കുന്ന കർഷകത്തൊഴിലാളികൾ, വയോവൃദ്ധർ, വികലാംഗർ, വിധവകൾ, അഗതികൾ, ക്യാൻസർ രോഗികൾ എന്നിവർക്കുള്ള വിവിധ പെൻഷനുകളും, തൊഴിലില്ലാതെ വിഷമിക്കുന്ന ചെറുപ്പക്കാർക്ക് തൊഴിലില്ലായ്മവേതനവും നമ്മുടെ കേരളത്തിൽ നടപ്പാക്കിയതിൽ ജനങ്ങളാകെ സംതൃപ്തരാണ്. അതിന് എൽ.ഡി.എഫ്. ഗവൺമെന്റ് അഭിനന്ദനം അർഹിക്കുന്നു.

സർ, ഇൻഡ്യയിൽ കോൺഗ്രസ് ഭരിക്കുന്ന മധ്യപ്രദേശ്, ഒറീസ്സ, ഡൽഹി എന്നിവിടങ്ങളിലും ദേശീയ, പ്രാദേശിക പാർട്ടികൾ ഭരിച്ചുകൊണ്ടിരിക്കുന്ന കർണ്ണാടകം, മദിരാശി, മഹാരാഷ്ട്ര, ബീഹാർ, ആന്ധ്രാപ്രദേശ്, ഉത്തർപ്രദേശ് എന്നിവിടങ്ങളിലും ഈ പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടില്ല. കമ്മ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിൽ ഭരിക്കുന്ന ബംഗാൾ, ത്രിപുര, കേരളം എന്നിവിടങ്ങളിൽ മാത്രമാണ് ഇത് നടപ്പാക്കിയത്. ഇതിന്റെ ഫലമായി കേരളം ഇക്കാര്യത്തിൽ ഇൻഡ്യയ്ക്കുതന്നെ മാതൃകയായിതീരാവുന്ന അവസ്ഥയാണുള്ളത്. കാണം വിറ്റും ഓണം ഉണ്ണണമെന്നതാണ് കേരളത്തിന്റെ സംസ്കാരം. ഓണം ഇന്ന് ദേശീയോത്സവമായിത്തീർന്നിരിക്കുന്നു. ഇതിൽ സജീവമായി പങ്കാളികളാകാൻ പെൻഷൻ കുടിശ്ശിക മുഴുവൻ വേഗം നൽകാൻവേണ്ടി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കർഷകത്തൊഴിലാളികൾ, കയർ, കശുവണ്ടി, മത്സ്യം, കെട്ടിട നിർമ്മാ

LIBRARY ARCHIVES Kerala Legislative Assembly